നം. CEE/4900/2015/KEAM_2016/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# എഞ്ചിനീയറിംഗ് പ്രവേശനത്തിനുള്ള സപ്ലിമെന്ററി റാങ്ക് ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു

കേരളത്തിലെ സർക്കാർ നിയന്ത്രിത സ്വാശ്രയ/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ഒഴിവുള്ള സീറ്റുകളിൽ പ്രവേശനം നടത്തുന്നതിനായി ഒരു സപ്ലിമെന്ററി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് 12.08.2016 ലെ GO(Rt)No. 2135/2016/H.Edn പ്രകാരം സർക്കാർ ഉത്തരവായിരുന്നു. സപ്ലിമെന്ററി എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നതിന് വിദ്യാർത്ഥികൾ യോഗ്യതാ പരീക്ഷയുടെ മാർക്ക് വിവരങ്ങൾ ഓൺലൈനായി സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. ആയതുപ്രകാരം **14.08.2016 വൈകുന്നേരം 5 മണി** വരെ വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിച്ച യോഗ്യതാ പരീക്ഷയുടെ മാർക്കിന്റെയും കേരള എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ ലഭിച്ച സ്കോറിനും അടിസ്ഥാനത്തിൽ തയ്യാറാക്കിയ സപ്ലിമെന്ററി എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

**കുറിപ്പ്:** കേരളത്തിലെ സർക്കാർ നിയന്ത്രിത സ്വാശ്രയ/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ നിലവിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് മാത്രമായിരിക്കും സപ്ലിമെന്ററി എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് ബാധകമാകുന്നത്.

**സപ്ലിമെന്ററി എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ പ്രവേശനം നേടുന്നതിനായി 2016 ആഗസ്റ്റ് 15 ന് സീറ്റുകൾ ഒഴിവുള്ള സർക്കാർ നിയന്ത്രിത സ്വാശ്രയ/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുമായി ബന്ധപ്പെടേണ്ടതാണ്.**

കൂടുതൽ വിവരങ്ങൾക്ക് :
**Help Line Numbers: 0471 2339101, 2339102, 2339103, 2339104**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
14 .08.2016